പതിമൂന്നാം കേരള നിയമസഭ

എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2766 — 02.04.2013ൽ മറുപടി നൽകേണ്ടിയിരുന്നത്

**ഗ്രന്ഥശാലാസംഘം ഗ്രാൻറ് അനുവദിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീമതി. ഗീതാഗോപി | ഉത്തരം<br>ശ്രീ. അബ്ദുറബ്ബ്<br>( വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|
| (എ) 2012-13 സാമ്പത്തിക വർഷത്തിൽ ഗ്രന്ഥശാലകൾക്ക് എത്ര രൂപ ഗ്രാൻറ് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലൈബ്രറി സെസ്സ് ഇനത്തിൽ എത്ര രൂപ പിരിഞ്ഞു കിട്ടിയെന്ന് അറിയിക്കുമോ; | (എ) 2012-13 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനു നോൺ പ്ളാൻ ഗ്രാൻറായി 14,85,00,000/- രൂപയും പ്ളാൻ ഇനത്തിൽ 65,00,000/- രൂപയും സർക്കാർ അനുവദിച്ചു.ലൈബ്രറി കൗൺസിൽ ഗ്രന്ഥശാലകൾക്കുള്ള വാർഷിക ഗ്രാൻറ്, പെർഫോമൻസ് ഗ്രാൻറ്, ലൈബ്രേറിയൻ അലവൻസ്, എന്നീ ഇനങ്ങളിലായി 14,38,06,885/- രൂപയും ഗ്രന്ഥശാലകൾക്കുള്ള പ്രവർത്തന ഗ്രാൻറായി 44,55,200/- രൂപയും കെട്ടിട ഗ്രാൻറായി 61,89,094/- രൂപയും നൽകിയിട്ടുണ്ട്.<br>ലൈബ്രറി സെസ്സിനത്തിൽ 13,35,11,650/-രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. |
| (ബി) ഗ്രന്ഥശാലകൾക്ക് ഗ്രാൻറ് നൽകുവാൻ കാലതാമസം വന്നതിന് കാരണം വ്യക്തമാക്കുമോ ; | (ബി) സർക്കാർ നാലു ഗഡുക്കളായാണ് ലൈബ്രറി കൗൺസിലിനു ഗ്രാൻറ് അനുവദിക്കുന്നത്. മുൻ വർഷങ്ങളിൽ അനുവദിച്ച ഗ്രാൻറിൻറെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാകുമ്പോൾ മാത്രമേ അടുത്ത ഗ്രാൻറ് അനുവദിക്കൂ. |
| (സി) പ്രസ്തുത സാമ്പത്തിക വർഷത്തെ ഗ്രന്ഥശാലകൾക്കുള്ള ഗ്രാൻറ് പൂർണ്ണമായി എപ്പോൾ കൈമാറുമെന്ന് വിശദമാക്കുമോ? | (സി) 2012-13 വർഷം ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും സർക്കാർ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനു കൈമാറിയിട്ടുണ്ട്. ആയത് കൗൺസിലാണ് ഗ്രന്ഥശാലകൾക്ക് കൈമാറുന്നത്. |

സെക്ഷൻ ഓഫീസർ